REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ഉരുൾപൊട്ടൽ മേഖലയിലെ ദുരന്താനന്തര ആവശ്യങ്ങൾ കണക്കാക്കുന്നതിന് പ്രത്യേക സംഘത്തിന്റെ യോഗം തുടങ്ങി.
- സിനിമാ മേഖലയിലെ ലൈംഗിക ചൂഷണത്തെക്കുറിച്ച് അന്വേഷിക്കാൻ രൂപീകരിച്ച പ്രത്യേക സംഘത്തിന്റെ ആദ്യയോഗം നാളെ ചേർന്നേക്കും.
- ഇന്ന് ശ്രീകൃഷ്ണജയന്തി. രാജ്യവ്യാപകമായി ജയന്തി ആഘോഷങ്ങൾക്ക് തുടക്കമായി.
- ഈ വർഷത്തെ U S ഓപ്പൺ ടെന്നീസ് ടൂർണമെന്റിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും.

## വാർത്തകൾ വിശദമായി

**വയനാട് ഉരുൾപൊട്ടൽ മേഖലയിലെ ദുരന്താനന്തര ആവശ്യങ്ങൾ കണക്കാക്കുന്നതിന് ഗവൺമെന്റ് രൂപീകരിച്ച പ്രത്യേക സംഘത്തിന്റെ യോഗം തുടങ്ങി. ദുരന്തത്തിലെ നാശനഷ്ട കണക്കെടുക്കാനും, പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകാനുമാണ് യോഗം ചേരുന്നത്. സംഘത്തിന്റെ പ്രവർത്തനങ്ങൾ ഇന്ന് മുതൽ ഈ മാസം 31 വരെ തുടരും. ദുരന്ത നിവാരണ കമ്മീഷണർ**

കൂടിയായ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കാണ് ഇതിന്റെ മേൽനോട്ടം.

കേന്ദ്ര ദുരന്ത നിവാരണ സംഘവും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. യോഗത്തിനുശേഷം സംഘം ദുരന്തമേഖല സന്ദർശിക്കും.

✪✪✪

വയനാട് മുണ്ടക്കൈയിലെ ഉരുൾപൊട്ടലിൽ കാണാതായവരെ കണ്ടെത്തുന്നതിന് സൂചിപ്പാറയിൽ ഇന്ന് തെരച്ചിൽ നടത്താനായില്ല. കനത്ത മഴയും കോടമഞ്ഞുമാണ് ഇന്നത്തെ തെരച്ചിലിന് തടസ്സമായത്. തെരച്ചിൽ മറ്റൊരു ദിവസം നടത്താനാണ് ദൗത്യ സംഘത്തിന്റെ തീരുമാനം.

✪✪✪

വയനാട് മുണ്ടക്കൈ ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടി ചാലിയാർ പുഴയിലെ തിരച്ചിൽ 26 ദിവസം പിന്നിട്ടു. ചാലിയാർ തീരത്ത് പുതുതായി രൂപപ്പെട്ട മൺതിട്ടകൾക്കടിയിൽ മാത്രമേ ഇനി അവശിഷ്ടങ്ങൾ കണ്ടെത്താൻ കഴിയൂ എന്ന വിലയിരുത്തലിലാണ് അന്വേഷണ സംഘം. എന്നാൽ വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതുവരെ ഇപ്പോഴത്തെ തിരച്ചിൽ തുടരാനാണ് പൊലീസിന്റെ തീരുമാനം.

✪✪✪

മലയാള സിനിമാ രംഗത്ത് ലൈംഗികാതിക്രമങ്ങൾക്ക് ഇരയായവർ മുന്നോട്ട് വന്നാൽ നിയമനടപടി സ്വീകരിക്കുമെന്ന് പറഞ്ഞ മുഖ്യമന്ത്രി പിണറായി വിജയനെ വിശ്വസിക്കാനാണ് ആഗ്രഹമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു.

ഹേമ കമ്മറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു ഗവർണർ. പരാതികളുമായി വന്നാൽ നടപടി ആരംഭിക്കുമെന്ന് മുഖ്യമന്ത്രി ഇതിനകം തന്നെ വ്യക്തമാക്കിയതിനാൽ കൂടുതലൊന്നും പറയുന്നില്ലെന്നും ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു.

✪✪✪

മലയാള സിനിമയിൽ സ്ത്രീകൾ ലൈംഗിക ചൂഷണത്തിന് ഇരയായതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച പ്രത്യേക അന്വേഷക സംഘത്തിന്റെ ആദ്യയോഗം നാളെ ചേർന്നേക്കും. ക്രൈംബ്രാഞ്ച് ADGP, എച്ച് വെങ്കിടേഷ് നേതൃത്വം നൽകുന്ന സംഘത്തിന്റെ യോഗം തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആസ്ഥാനത്താണ്. ചൂഷണങ്ങൾക്കെതിരെ പരസ്യ പ്രതികരണം നടത്തിയ സ്ത്രീകളുടെ മൊഴിയാവും അന്വേഷക സംഘം ആദ്യം രേഖപ്പെടുത്തുക.

✪✪✪

ഹേമാ കമ്മറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട തുടർ നടപടികളെക്കുറിച്ച് മുഖ്യമന്ത്രിയും നിയമ മന്ത്രിയും വ്യക്തമാക്കിയിട്ടുണ്ടെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കൂടുതൽ കാര്യങ്ങളൊന്നും സാംസ്കാരിക മന്ത്രി എന്ന നിലയിൽ പറയാനില്ലെന്ന് അദ്ദേഹം ആലപ്പുഴയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇടതുപക്ഷത്തിന്റെ ശരിയായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമ കേസുകൾ അന്വേഷിക്കാൻ അന്വേഷക സംഘത്തെ ചുമതലപ്പെടുത്തിയതെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. സിനിമയിലടക്കം സ്ത്രീപക്ഷ നിലപാട് ഉയർത്തിപ്പിടിക്കണമെന്നാണ് പാർട്ടി നയമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഹേമാ കമ്മറ്റി റിപ്പോർട്ട് ചർച്ച ചെയ്യാൻ സിനിമാ മേഖലയിലെ സാങ്കേതിക പ്രവർത്തകരുടെ സംഘടനയായ ഫെഫ്ക ഈ മാസം 31-ന് യോഗം ചേരും. ഫെഫ്കയിലെ വിവിധ യൂണിയനുകളിലെ സെക്രട്ടറിമാർക്ക് മൂന്ന് ദിവസമായി ചേരുന്ന യോഗത്തിന്റെ കത്ത് കൈമാറിയിട്ടുണ്ട്.

✪✪✪

ജസ്റ്റിസ് ഹേമ കമ്മറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ മന്ത്രി സജി ചെറിയാൻ അടിക്കടി നിലപാട് മാറ്റുകയും വേട്ടക്കാരെ സംരക്ഷിക്കാൻ നിരന്തരം ശ്രമിക്കുകയാണെന്നും പ്രതിപക്ഷ നേതാവ് V.D സതീശൻ കുറ്റപ്പെടുത്തി. ഇരകൾക്ക് നീതി കൊടുക്കില്ലെന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റിന്റേതെന്ന് അദ്ദേഹം കൊച്ചിയിൽ പറഞ്ഞു. സാംസ്കാരിക മന്ത്രി സ്ഥാനത്തിരിക്കാൻ സജി ചെറിയാൻ യോഗ്യനല്ലെന്നും അദ്ദേഹം രാജിവെയ്ക്കണമെന്നും

രാജി വെച്ചില്ലെങ്കിൽ മുഖ്യമന്ത്രി അത് ചോദിച്ചു വാങ്ങണമെന്നും V.D. സതീശൻ ആവശ്യപ്പെട്ടു.

✪✪✪

ലൈംഗികാരോപണം നേരിടുന്ന M. മുകേഷ് MLA രാജിവെയ്ക്കണമെന്ന് ആവശ്യപ്പെട്ട് കൊല്ലം പട്ടത്താനത്തെ അദ്ദേഹത്തിന്റെ വീടിന് മുന്നിൽ യുവജന സംഘടനകളും, RSP-യും പ്രതിഷേധ മാർച്ച് നടത്തി. യുവമോർച്ച, മഹിളാ കോൺഗ്രസ് തുടങ്ങിയ സംഘടനകളുടെ പ്രതിഷേധം പൊലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടഞ്ഞു.

✪✪✪

നാളെ നടത്താനിരുന്ന അമ്മ എക്സിക്യൂട്ടിവ് യോഗം മാറ്റിവെച്ചു. പ്രസിഡന്റ് മോഹൻലാലിന്റെ അസൗകര്യം കണക്കിലെടുത്താണ് യോഗം മാറ്റിയത്.

✪✪✪

ചലച്ചിത്ര അക്കാദമി അധ്യക്ഷ സ്ഥാനത്തേയ്ക്ക് വനിതാ ചെയർപേഴ്സണെ നിയമിക്കണമെന്ന് സാമൂഹ്യ പ്രവർത്തകരായ വനിതകളുടെ കൂട്ടായ്മ കോഴിക്കോട്ട് ആവശ്യപ്പെട്ടു. അക്കാദമിയുടെ അധ്യക്ഷ സ്ഥാനത്തേയ്ക്ക് ഇതുവരെ സ്ത്രീകളെ പരിഗണിച്ചിട്ടില്ലെന്ന് അവർ പറഞ്ഞു. ഇക്കാര്യത്തിൽ മാതൃക കാണിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് കൂട്ടായ്മ ആവശ്യമുന്നയിച്ചു.

✪✪✪

ഇന്ന് ശ്രീകൃഷ്ണജയന്തി. രാജ്യവ്യാപകമായി ജയന്തി ആഘോഷങ്ങൾക്ക് തുടക്കമായി.

രാഷ്ട്രപതി ദ്രൗപതി മുർമു എല്ലാവർക്കും ജന്മാഷ്ടമി ആശംസകൾ നേർന്നു. ശ്രീകൃഷ്ണ ഭഗവാന്റെ ദൈവിക ആശയങ്ങൾക്കായി സമർപ്പിക്കാൻ ഈ ഉത്സവം എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ പറഞ്ഞു.

ജന്മാഷ്ടമി ദിനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. സത്യത്തിലും കാരുണ്യത്തിലും ഉറച്ച ജീവിതം നയിക്കേണ്ടതിന്റെ പ്രാധാന്യത്തിന്റെ ഓർമ്മപ്പെടുത്തലാണ് ഈ ഉത്സവമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ മൻ കി ബാത്തിലൂടെ ജന്മാഷ്ടമി, ഗണേശ ചതുർത്ഥി, ഓണം ആശംസകൾ നേർന്നു.

രാജ്യമെങ്ങും ജന്മാഷ്ടമി ദിനത്തിൽ വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ജനങ്ങൾക്ക് ആശംസകൾ നേർന്നു. അധർമ്മങ്ങൾക്കെതിരായ പോരാട്ടത്തിന് ശക്തി പകരുന്നതും, മനുഷ്യ മനസ്സിലെ സ്നേഹ വിശ്വാസങ്ങളെ ദൃഢപ്പെടുത്തുന്നതുമാകട്ടെ ഈ വർഷത്തെ ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ശ്രീകൃഷ്ണജയന്തി പുലർച്ചെ മൂന്നുമണിക്ക് നിർമ്മാല്യ ദർശനത്തോടെ ഗുരുവായൂർ ക്ഷേത്രത്തിലെ അഷ്ടമി രോഹിണി ചടങ്ങുകൾക്ക് തുടക്കമായി. ഉണ്ണിക്കണ്ണന്റെ പിറന്നാളിന് കണ്ണനെ ഒരുനോക്ക് കാണാൻ ഇന്നലെ അർദ്ധരാത്രി മുതൽ തന്നെ ഭക്തജനങ്ങൾ വരി നിൽക്കാൻ തുടങ്ങിയിരുന്നു. ദർശനത്തിനെത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ പ്രസാദ ഊട്ട് നൽകും. കാൽലക്ഷത്തിലേറെ ഭക്തർ പ്രസാദ ഊട്ടിന് എത്തുമെന്നാണ് പ്രതീക്ഷ. വി.ഐ.പി., സ്പെഷ്യൽ ദർശനങ്ങൾക്ക് രാവിലെ 6 മണി മുതൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

മേൽപുത്തൂർ ആഡിറ്റോറിയത്തിൽ സാംസ്കാരിക സമ്മേളനത്തിന്റെ ഉത്ഘാടനവും ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര കലാ പുരസ്കാര സമർപ്പണവും. മന്ത്രി V.N വാസവൻ നിർവ്വഹിക്കും.

✪✪✪

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ പ്രസിദ്ധമായ അഷ്ടമിരോഹിണി വള്ളസദ്യ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ മഹാശോഭ യാത്ര ശ്രീകണ്ഠേശ്വര ക്ഷേത്ര പരിസരത്ത് നിന്ന് ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് ആരംഭിക്കും. നടനും സംവിധായകനുമായ മേജർ രവി ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ ശോഭായാത്ര അമൃതാനന്ദമയി മഠാധിപതി അമൃതകൃപാനന്ദപുരി ഉദ്ഘാടനം ചെയ്യും.

✪✪✪

കൂത്തുപറമ്പ് കണ്ണവം തൊടീക്കളം ശിവക്ഷേത്രത്തിൽ ശ്രീകൃഷ്ണന്റെ വേളിയും താലികെട്ടും ചിത്രീകരിച്ച അത്യപൂർവ ചുവർ ചിത്രം തിരിച്ചറിഞ്ഞു. ചുവർ ചിത്ര -താന്ത്രിക ഗവേഷകൻ സുധീഷ് നമ്പൂതിരിയാണ് ചിത്രം തിരിച്ചറിഞ്ഞത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ

...........വോയ്സ്..........

✪✪✪

സാഫ് അണ്ടർ-20 ഫുട്ബോളിൽ ഇന്ത്യ സെമിഫൈനലിൽ ഇന്ന് നേപ്പാളിനെ നേരിടും. ഉച്ചകഴിഞ്ഞ് 2.45 ന് കാഠ്മണ്ഡുവിലെ ANFA സമുച്ചയത്തിലാണ് മത്സരം. ഗ്രൂപ്പ് B യിൽ ഭൂട്ടാനെയും, മാലദ്വീപിനെയും തോൽപ്പിച്ചാണ് ഇന്ത്യ സെമിയിലെത്തിയത്.

✪✪✪

ഈ വർഷത്തെ U S ഓപ്പൺ ടെന്നീസ് ടൂർണമെന്റിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാവും. രണ്ട് തവണ ഗ്രാൻഡ് സ്ലാം ചാമ്പ്യനായ രോഹൻ ബൊപ്പണ്ണയും, ടെന്നീസ് റാങ്കിംഗിൽ 72-ാം സ്ഥാനക്കാരനായ സുമിത് നാഗലുമാണ് ഇന്ത്യയ്ക്ക് വേണ്ടി കളിക്കുന്നത്.

✪✪✪

കാസർകോട് ജില്ലാ തദ്ദേശ അദാലത്ത് അടുത്ത മാസം മൂന്നിന് നടത്തും. മന്ത്രി M. B രാജേഷ് നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി P ജഗന്നിവാസൻ

.............വോയ്സ്............

✪✪✪

ഇന്നലെ അന്തരിച്ച പ്രമുഖ പത്ര പ്രവർത്തകനും കോട്ടയം പ്രസ്ക്ലബ് മുൻ പ്രസിഡന്റുമായ മണർകാട് മാത്യുവിന്റെ സംസ്കാരം മറ്റന്നാൾ രാവിലെ മണർകാട് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടത്തും.

43 വർഷം മലയാള മനോരമയിലും അനുബന്ധ പ്രസിദ്ധീകരണങ്ങളിലും മണർകാട് മാത്യു പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന ഫോട്ടോഗ്രാഫർ T.മോഹൻദാസിനെ കോഴിക്കോട്ട് പത്രപ്രവർത്തക യൂണിയൻ ജില്ലാ കമ്മിറ്റിയും, സീനിയർ ജേർണലിസ്റ്റ് ഫോറവും പ്രസ്ക്ലബ് ഹാളിൽ രാവിലെ അനുസ്മരിച്ചു. ഇന്നലെയായിരുന്നു മോഹൻദാസിന്റെ അന്ത്യം.

✪✪✪

കഴക്കൂട്ടത്ത് നിന്ന് കാണാതായ 13-കാരിയെ ശിശുക്ഷേമ സമിതിയിൽ എത്തിച്ചതിനെ തുടർന്ന് മറ്റ് നടപടികൾ തീരുമാനിക്കുന്നതിന് CWC ഇന്ന് പ്രത്യേക യോഗം ചേരും. കുട്ടിയുടെയും മാതാപിതാക്കളുടെയും ഭാഗം വിശദമായി

കേട്ടതിന് ശേഷം സംരക്ഷണം ആരെ ഏൽപ്പിക്കണം എന്ന കാര്യത്തിൽ CWC തീരുമാനമെടുക്കും.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

കണ്ണൂർ ജില്ലയിലെ മാലൂർ പഞ്ചായത്തിൽ നിപ വൈറസ് ബാധയെന്ന് സമൂഹ മാധ്യമങ്ങളിലൂടെ വ്യാജപ്രചാരണം നടത്തി പരിഭ്രാന്തി സൃഷ്ടിച്ചവർക്കെതിരേ നിയമ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഓഫീസിൽ ചേർന്ന ജനപ്രതിനിധികളുടെയും ആരോഗ്യപ്രവർത്തകരുടെയും യോഗം തീരുമാനിച്ചു.

വെള്ളിയാഴ്ച വൈകിട്ടോടെയാണ് രണ്ടുപേർക്ക് നിപ ലക്ഷണമെന്ന നിലയിൽ സാമൂഹിക മാധ്യമങ്ങളിലെ പ്രചാരണമുണ്ടായത്.

✪✪✪